# IDEAL INDIAN SCHOOL, DOHA – QATAR

## *Ext. Circular No. 50/08/2025*

പ്രിയ രക്ഷിതാക്കളേ,

ഐഡിയൽ ഇന്ത്യൻ സ്കൂളിന്റെ ആശംസകൾ

വിഷയം: സ്കൂൾ മുദ്രാവാക്യം "ശ്രദ്ധാലുവായിരിക്കുക (Be Mindful)" - കൂടുതൽ സുരക്ഷിതത്വവും മെച്ചപ്പെട്ടതുമായ സ്കൂൾ അന്തരീക്ഷം വളർത്തുക

ഈ വർഷത്തെ സ്കൂൾ മുദ്രാവാക്യമായി "ശ്രദ്ധാലുവായിരിക്കുക" എന്നത് അവതരിപ്പിക്കുന്നതായി സന്തോഷപൂർവ്വം അറിയിക്കുന്നു. വിദ്യാർത്ഥികളുടെ സുരക്ഷിതമായ സ്കൂൾ അന്തരീക്ഷം ഉറപ്പാക്കുന്നതാണ് ഈ മുദ്രവാക്യത്തിന്റെ ലക്ഷ്യം. രണ്ട് ഷിഫ്റ്റുകളിൽ സ്കൂൾ പ്രവർത്തിക്കുന്നതിനാൽ, കുട്ടികളുടെ ശാരീരികമായ സുരക്ഷിതത്വത്തിനു കൂടുതൽ ജാഗ്രത പുലർത്തുക വഴി സ്കൂൾ പ്രവർത്തനം കൂടുതൽ സുഗമമാക്കാനാകും.

ലളിതമായതും ശക്തവുമായ " ശ്രദ്ധാലുവായിരിക്കുക " എന്ന വാചകം ഓരോ വിദ്യാർത്ഥിയുടെയും സുരക്ഷ, സംരക്ഷണം, ക്ഷേമം എന്നിവയ്ക്ക് മുൻഗണന നൽകുന്ന സ്കൂൾ അന്തരീക്ഷം രൂപപ്പെടുത്തണമെന്ന പ്രതിജ്ഞയെയാണ് പ്രതിനിധീകരിക്കുന്നത്.

"ശ്രദ്ധാലുവായിരിക്കുക" എന്നത് വിദ്യാർത്ഥികളും, അധ്യാപകരും, ജീവനക്കാരും, രക്ഷിതാക്കളും ഒരുമിച്ച് നടപ്പിലാക്കേണ്ട ഒരു ആഹ്വാനമാണ്. അതായത്, പരിസര ബോധമുണ്ടാകുക, സ്കൂളിൽ സുരക്ഷിതമായ രീതികൾ പിന്തുടരുക, അപകട സാധ്യതകൾ തിരിച്ചറിയുക, ആശങ്കകൾ റിപ്പോർട്ട് ചെയ്യുക എന്നീ കാര്യങ്ങളിൽ എല്ലാവരും സജീവമായി പങ്കാളികളാകണമെന്ന് ഇത് സൂചിപ്പിക്കുന്നു. ഇതിന്റെ ഭാഗമായി അസാധാരണമായ സംഭവങ്ങളെ അറിയിക്കുക, പ്രവേശന നടപടികൾ പാലിക്കുക. സ്കൂളിൽ സമഗ്രമായ സുരക്ഷബോധം വളർത്തേണ്ടത് നമ്മുടെയെല്ലാം കൂട്ടായ ഉത്തരവാദിത്വമാണ്.

നമ്മുടെ വാക്കുകൾക്കും പ്രവർത്തികൾക്കും ഫലപ്രാപ്തി ഉണ്ടെന്ന തിരിച്ചറിവാണ് ശ്രദ്ധാലുത്വത്തിന്റെ പ്രധാന്യം . പ്രവൃത്തിക്കും മുൻപ് ആലോചിക്കുക, സൗഹൃദപരമായി ആശയവിനിമയം നടത്തുക, സ്കൂൾ അന്തരീക്ഷത്തിന് ഗുണകരമായ രീതിയിൽ പ്രവർത്തിക്കുക എന്നിവയാണ് ഈ മുദ്രാവാക്യത്തിന്റെ സന്ദേശം.

ഈ അധ്യയന വർഷത്തിൽ സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങളിൽ ഈ മുദ്രാവാക്യം വിവിധ മേഖലകളിലായി ഉൾപ്പെടുത്തും. "ശ്രദ്ധാലുവായിരിക്കുക" എന്ന ആശയം നാം ഒരുമിച്ച് ഏറ്റെടുത്താൽ നമ്മുടെ സ്കൂൾ കൂടുതൽ സുരക്ഷിതവും മെച്ചപ്പെട്ടതുമായ അന്തരീക്ഷം വിദ്യാർത്ഥികൾക്കായി ഒരുക്കാൻ കഴിയും എന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ഈ സന്ദേശത്തെ കുറിച്ച് നിങ്ങളുടെ കുട്ടികളുമായി വീട്ടിലും ചർച്ച ചെയ്യുന്നതിൽ രക്ഷിതാക്കളായ നിങ്ങളുടെ സഹകരണം അത്യന്താപേക്ഷിതമാണ്. നിങ്ങളുടെ മകനോടോ മകളോടോ "ശ്രദ്ധാലുവായിരിക്കുക" എന്നതിന്റെ അർത്ഥം ചർച്ച ചെയ്യുകയും അവർ അത് സ്കൂളിലും അവരുടെ ദൈനംദിനജീവിതത്തിലും എങ്ങനെ പാലിക്കാമെന്ന് പഠിപ്പിക്കുകയും ചെയ്യണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

നമ്മുടെ വിദ്യാർത്ഥികൾക്ക് പഠിച്ചും വളർന്നും മുന്നേറാൻ സുരക്ഷിതവും പ്രചോദനാത്മകവുമായ ഒരു സ്കൂൾ അന്തരീക്ഷം ഒരുക്കുന്നതിനുള്ള നിങ്ങൾ നൽകുന്ന സ്ഥിരമായ സഹകരണത്തിന് നന്ദി.

ആദരപൂർവ്വമായ വന്ദനം,

Shamim Saheb 20/8/25

ഷെയ്ഖ് ഷമീം സാഹബ്

പ്രിൻസിപ്പൽ